**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1694** **04-02-2026 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ കർഷകരുടെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗാഡ് ജില്ലയിലെ അടയ്ക്കാ കർഷകർ അടക്കം കൃഷിക്കാർ അനുഭവിക്കുന്ന ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർ അഭിമുഖീകരിക്കുന്ന പ്രധാന പ്രയാസങ്ങൾ ചുവടെ ചേർക്കുന്നു ;<br><br>**1. രോഗ കീടബാധ മൂലമുള്ള വിളവ് നഷ്ടം**<br><br>ഇലപ്പുള്ളി രോഗം, മഞ്ഞളിപ്പ്, മഹാളി, പൂങ്കുല കരിച്ചിൽ, എന്നീ രോഗങ്ങൾ വ്യാപകമായി കായ്ഫലം കുറയുന്നതിനും ഗുണനിലവാരത്തകർച്ചക്കും കാരണമാകുന്നു. സ്പിൻഡിൽ ബഗ്ഗിന്റെ ആക്രമണം 3 വർഷം വരെയുള്ള കവുങ്ങുകളിൽ കൂടുതലായി കാണപ്പെടുന്നുണ്ട്.<br><br>**2. വിദഗ്ധ തൊഴിലാളികളുടെ ലഭ്യത കുറവ്**<br><br>സമയബന്ധിതമായി മരുന്ന് തളിക്കുന്നതിന് തൊഴിലാളികളെ ലഭ്യമല്ലാത്തത് രോഗ കീടബാധയുടെ തോത് ഗണ്യമായി വർദ്ധിപ്പിക്കുന്നു. വിളവെടുപ്പിനെയും സാരമായി ബാധിക്കുന്നു.<br><br>**3. കൃഷി ചെലവിലെ വർധന**<br><br>വളം, കീടനാശിനി തുടങ്ങിയവയുടെ വില വർധന, ഉയർന്ന കൂലി ചെലവ്, തൊഴിലാളികളുടെ ലഭ്യത കുറവ് എന്നിവ കർഷകരിൽ പ്രതിസന്ധി സൃഷ്ടിക്കുന്നു.<br><br>**4. കാലാവസ്ഥ വ്യതിയാനം**<br><br>മഴക്കുറവ്, വേനൽക്കാലത്തു വരൾച്ച, അതിശക്തമായ മഴ തുടങ്ങിയ കാലാവസ്ഥ മാറ്റങ്ങൾ വിളയെ പ്രതികൂലമായി ബാധിക്കുന്നു. കഴിഞ്ഞ വർഷങ്ങളിലെ അതിശക്തമായ മഴ പലതോട്ടങ്ങളിലും വേരു ചീയൽ (Root rot) വർധിപ്പിച്ചു. അമിതവും ക്രമരഹിതവുമായ മഴ മൂലം തോട്ടങ്ങളിൽ വെള്ളക്കെട്ട് ഉണ്ടാകുകയും |

| | | | |
|---|---|---|---|
| | | | രോഗവ്യാപനം വർദ്ധിക്കുകയും ചെയ്യുന്നു. നീണ്ട മഴക്കാലം പ്രതിരോധ സ്പ്രേ നടത്തുന്നതിന് തടസ്സമാകുന്നു.<br><br>**5. ജലസേചന ആവശ്യകത**<br><br>കവുങ്ങ് ജലസേചന വിള (Irrigated crop) ആണ്. ജലസേചനം മറ്റു വിളകളെ താരതമ്യം ചെയ്യുമ്പോൾ കൂടുതലായി വേണ്ടി വരുന്നുണ്ട്. മഴക്കാലത്തും വേനൽക്കാലത്തും ശാസ്ത്രീയമായി ജലസേചനം നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് തോട്ടങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്നു. |
| (ബി) | എങ്കിൽ അവർ അഭിമുഖീകരിക്കുന്ന പ്രധാന പ്രയാസങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർ അഭിമുഖീകരിക്കുന്ന പ്രധാന പ്രയാസങ്ങൾ ചുവടെ ചേർക്കുന്നു ;<br><br>**1. രോഗ കീടബാധ മൂലമുള്ള വിളവ് നഷ്ടം**<br><br>ഇലപ്പുള്ളി രോഗം, മഞ്ഞളിപ്പ്, മഹാളി, പൂങ്കുല കരിച്ചിൽ, എന്നീ രോഗങ്ങൾ വ്യാപകമായി കായ്ഫലം കുറയുന്നതിനും ഗുണനിലവാരത്തകർച്ചക്കും കാരണമാകുന്നു. സ്പിൻഡിൽ ബഗ്ഗിന്റെ ആക്രമണം 3 വർഷം വരെയുള്ള കവുങ്ങുകളിൽ കൂടുതലായി കാണപ്പെടുന്നുണ്ട്.<br><br>**2. വിദഗ്ധ തൊഴിലാളികളുടെ ലഭ്യത കുറവ്**<br><br>സമയബന്ധിതമായി മരുന്ന് തളിക്കുന്നതിന് തൊഴിലാളികളെ ലഭ്യമല്ലാത്തത് രോഗ കീടബാധയുടെ തോത് ഗണ്യമായി വർദ്ധിപ്പിക്കുന്നു. വിളവെടുപ്പിനെയും സാരമായി ബാധിക്കുന്നു.<br><br>**3. കൃഷി ചെലവിലെ വർധന**<br><br>വളം, കീടനാശിനി തുടങ്ങിയവയുടെ വില വർധന, ഉയർന്ന കൂലി ചെലവ്, തൊഴിലാളികളുടെ ലഭ്യത കുറവ് എന്നിവ കർഷകരിൽ പ്രതിസന്ധി സൃഷ്ടിക്കുന്നു.<br><br>**4. കാലാവസ്ഥ വ്യതിയാനം**<br><br>മഴക്കുറവു, വേനൽക്കാലത്തു വരൾച്ച, അതിശക്തമായ മഴ തുടങ്ങിയ കാലാവസ്ഥ മാറ്റങ്ങൾ വിളയെ പ്രതികൂലമായി ബാധിക്കുന്നു. കഴിഞ്ഞ വർഷങ്ങളിലെ അതിശക്തമായ മഴ പലതോട്ടങ്ങളിലും വേരു ചീയൽ (Root rot) വർധിപ്പിച്ചു. അമിതവും ക്രമരഹിതവുമായ മഴ മൂലം തോട്ടങ്ങളിൽ വെള്ളക്കെട്ട് ഉണ്ടാകുകയും രോഗവ്യാപനം വർദ്ധിക്കുകയും ചെയ്യുന്നു. നീണ്ട |

| | | | |
|---|---|---|---|
| | | | മഴക്കാലം പ്രതിരോധ സ്പ്രേ നടത്തുന്നതിന് തടസ്സമാകുന്നു.<br><br>**5. ജലസേചന ആവശ്യകത**<br><br>കവുങ്ങ് ജലസേചന വിള (Irrigated crop) ആണ്. ജലസേചനം മറ്റു വിളകളെ താരതമ്യം ചെയ്യുമ്പോൾ കൂടുതലായി വേണ്ടി വരുന്നുണ്ട്. മഴക്കാലത്തും വേനൽക്കാലത്തും ശാസ്ത്രീയമായി ജലസേചനം നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് തോട്ടങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്നു. |
| (സി) | ഇതു പരിഹരിക്കുന്നതിന് ബന്ധപ്പെട്ട കർഷകരുടെയും ഉദ്യോഗസ്ഥരുടെയും യോഗം എപ്പോഴെങ്കിലും വിളിച്ചു ചേർത്തിരുന്നുവോ; എങ്കിൽ വിശദാംശം നൽകാമോ? | (സി) | കാസർഗോഡ് ജില്ലയിലെ കവുങ്ങ് കൃഷിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അവലോകനം ചെയ്യുന്നതിനു ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 24/03/2025 ന ജില്ലയിലെ MLA മാരായ ശ്രീ. എൻ.എ. നെല്ലിക്കുന്ന് MLA, ശ്രീ. എച്ച്. കുഞ്ഞമ്പു MLA, ശ്രീ. ഇ. ചന്ദ്രശേഖരൻ MLA, ശ്രീ. എം. കെ.എം. അഷ്റഫ് MLA, ക്രോപ് പ്രൊട്ടക്ഷൻ ഡിവിഷൻ ICAR-CPCRI, കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗത്തിൽ നിന്നുമുള്ള വിദഗ്ധർ, കാസർഗോഡ് ജില്ലാ സബ് കളക്ടർ, സ്റ്റേറ്റ് പ്രൈസസ് ബോർഡ് ചെയർമാൻ, കൃഷി വകുപ്പ് ഡയറക്ടർ, കൃഷി അഡീഷണൽ ഡയറക്ടർ (ക്രോപ് പ്രൊട്ടക്ഷൻ), കാസർഗോഡ് പ്രിൻസിപ്പൽ കൃഷി ഓഫീസർ എന്നിവരുടെ യോഗം വിളിക്കുകയും പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്.<br><br>കാസർഗോഡ് ജില്ലയിലെ കവുങ്ങ് കൃഷിയുമായി ബന്ധപ്പെട്ട കർഷകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ജില്ലാ കൃഷി ഓഫീസറുടെ നേതൃത്വത്തിൽ 05/05/2025 ന ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ കർഷകരുടെ ഒരു മീറ്റിംഗ് ബദിയടുക്ക പഞ്ചായത്തിൽ വച്ച് നടത്തുകയുണ്ടായി. തദവസരത്തിൽ ശ്രീ. എൻ.എ. നെല്ലിക്കുന്ന് MLA, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കുകയുണ്ടായി.<br><br>24/03/2025 ലെ യോഗ തീരുമാന പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, കാർഷിക സർവ്വകലാശാല എന്നിവയുടെ സംയോജിത പ്രവർത്തനം ഉറപ്പാക്കുന്നതിലേക്കായി ആവശ്യമായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി Task Force രൂപീകരിച്ചു. ടാസ്ക് ഫോഴ്സ് അംഗങ്ങളും, കാർഷിക സർവ്വകലാശാല ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ നിയോഗിച്ച കാസർഗോഡ് ജില്ലയിലെ പടന്നക്കാട് |

| | | | |
|---|---|---|---|
| | | | കാർഷിക കോളേജ് എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞരും കൃഷി വകുപ്പ് ഉദ്യോഗസ്ഥരും കമുക് തോട്ടങ്ങളിൽ 2025 സെപ്റ്റംബർ 22-ന് സന്ദർശനം നടത്തുകയും ബന്ധപ്പെട്ട കർഷകരുമായി ഫീൽഡ് തല പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാര നിർദ്ദേശങ്ങൾ നൽകുകയും ഉണ്ടായി. ടാസ്ക് ഫോഴ്സിന്റെ യോഗം 2025 സെപ്റ്റംബർ 22-ന് വൈകിട്ട് നാല് മണിക്ക് പ്രൊജക്ട് ഡയറക്ടറേറ്റ് ATMA, കരന്തക്കാട്, കാസർഗോഡ് വെച്ച് ചേർന്നു.<br><br>തുടർന്ന് 09/10/2025 ന ഉച്ചയ്ക്ക് 2:00 PM മണിക്ക് നിയമസഭാ മന്ദിരത്തിൽ ബഹു. കൃഷി മന്ത്രിയുടെ സാന്നിധ്യത്തിൽ കാസർഗോഡ് ജില്ലയിലെ എം.എൽ.എ മാർ, ജില്ലാ കളക്ടർ, കൃഷി ശാസ്ത്രജ്ഞർ, കൃഷി ഉദ്യോഗസ്ഥർ എന്നിവരുടെ അവലോകന യോഗം വീണ്ടും ചേരുകയുണ്ടായി. യോഗത്തിൽ കാർഷിക സർവ്വകലാശാലയിലെയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിലെയും ശാസ്ത്രജ്ഞർ കൃഷിയിടത്തിൽ കണ്ടതും കർഷകർ ചൂണ്ടിക്കാട്ടിയതുമായ പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങളും അവതരിപ്പിക്കുകയുണ്ടായി. പ്രസ്തുത യോഗ തീരുമാനങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കാസർഗോഡ് ജില്ലയിൽ സ്ഥിതി ചെയ്യുന്ന ETC, മഞ്ചേശ്വരം വഴി അടയ്ക്ക കർഷകർക്ക് ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ച് പരിശീലനങ്ങൾ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ